പോലും 40 സർവ്വീസുകൾ ആണ് പ്രതിവാരം ഇൻഡ്യൻ എയർലൈൻസ് വിദേശ രാജ്യങ്ങളിലേക്ക് നടത്തുന്നത്. തിരുവനന്തപുരത്തുനിന്ന് ഒരു സർവ്വീസ്പോലും ഓപ്പറേറ്റു ചെയ്യാൻ ഇൻഡ്യൻ എയർലൈൻസ് തയ്യാറാകുന്നില്ല. ഇത് തിരുവനന്തപുരം വിമാനത്താവളത്തോടുള്ള കടുത്ത അവഗണനയാണ്. എയർ ഇൻഡ്യ വെട്ടിക്കുറച്ച വിമാന സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തണം. അതുപോലെ ഇൻഡ്യൻ എയർലൈൻസും തിരുവനന്തപുരത്തുനിന്ന് സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യാനുള്ള സമ്മർദ്ദം ചെലുത്തണം. ബഹുമാനപ്പെട്ട സ്പീക്കർതന്നെ ഈ കാര്യത്തിൽ പല പ്രാവശ്യം ചൂണ്ടിക്കാണിച്ചതുപോലെ തിരുവനന്തപുരം ഒരു പ്രധാനപ്പെട്ട ഇന്റർനാഷണൽ എയർപോർട്ട് എന്നുള്ള നിലയ്ക്ക് നെടുമ്പാശ്ശേരിയേയും കോഴിക്കോടിനേയും ലിങ്ക്ചെയ്തു കൊണ്ട് ഇവിടെനിന്ന് സർവ്വീസുകളാരംഭിക്കണം. തിരുവനന്തപുരം-ദുബായ്-അബുദാബി സർവ്വീസുണ്ട്. ദുബായ്-അബുദാബി ദൂരത്തേക്കാൾ കൂടുതലാണ് തിരുവനന്തപുരവും-നെടുമ്പാശ്ശേരിയുമായിട്ട്. ആ രീതിയിൽ സർവീസുകളാരംഭിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കും മറ്റുമുണ്ടായിരുന്ന വിമാന സർവ്വീസുകളിൽ ചിലത് എയർ ഇൻഡ്യ റദ്ദാക്കിയിട്ടുണ്ട്. വിമാന സർവ്വീസുകൾ റദ്ദാക്കുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ഈ കാര്യത്തിലാവശ്യമായ നടപടി കൈക്കൊള്ളാൻ കേന്ദ്ര വ്യോമയാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തോട് കാണിക്കുന്ന അവഗണന വീണ്ടും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) കൊല്ലം ജില്ലയിലെ വാടി, മുദാക്കൽ തീരപ്രദേശങ്ങളിലുണ്ടായ സംഘർഷം

ശ്രീ. ബാബു ദിവാകരൻ : കഴിഞ്ഞ ദിവസങ്ങളിൽ കൊല്ലം ജില്ലയിലെ വാടി, തങ്കശ്ശേരി, മുദാക്കൽ പ്രദേശങ്ങളിൽപ്പെട്ട, പ്രധാനമായും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് രണ്ട് വിഭാഗങ്ങൾ, തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്ന് ഇപ്പോഴും അവിടെ ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. വളരെ നിസ്സാരമായ കാര്യത്തിനുവേണ്ടിയാണ് ഈ പ്രശ്നമാരംഭിച്ചത്. ഒരു പ്രദേശത്തെ ഒരു വ്യക്തി തൊട്ടടുത്ത പ്രദേശത്ത് ഒരു ചെരുപ്പ് നന്നാക്കാൻ കൊടുത്തതുമായി ബന്ധപ്പെട്ട് അവർ തമ്മിലുണ്ടായ ചെറിയൊരു പ്രശ്നമാണ് വലിയ സംഘർഷമായി മാറിയത്. ആ സംഘർഷമുണ്ടായതിനുശേഷം പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ആ സംഘർഷമുണ്ടായ പ്രത്യേക സാഹചര്യത്തിൽ ചില ഭവനങ്ങളിലുണ്ടായിരുന്ന നിരപരാധികളായ ഏതാനും പേർക്ക് സർവ്വതും നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. അക്രമികൾ നിരപരാധികളുടെ വീടുകളിൽ കയറി അവിടെയുണ്ടായിരുന്ന മുഴുവൻ വീട്ട് സാധനങ്ങളും, അതുവരെ അവർ സമ്പാദിച്ചിട്ടുള്ള മുഴുവൻ ആസ്തിയും നശിപ്പിക്കുകയുണ്ടായി. വീടുകൾക്ക് കേടുപാടുകൾ വരുത്തുകയും ടി.വി., ടെലിഫോൺ തുടങ്ങി സകലതും നശിപ്പിക്കുന്ന അക്രമ പ്രവർത്തനങ്ങളും ഇതിന്റെ മറവിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുണ്ട്. അതിന് നേതൃത്വം നൽകിയവരെ കണ്ടെത്താനും അവരെ മാതൃകാപരമായി ശിക്ഷിക്കാനും നമുക്ക് കഴിയണം. പോലീസിന്റെ ഭാഗത്തുനിന്നു ഈ കാര്യത്തിൽ കുറച്ച് നടപടികൾ സ്വീകരിച്ചുവെങ്കിലും പൂർണ്ണമായി വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനെത്തുടർന്ന് ആ പ്രദേശത്ത് വളരെ സംഘർഷം നിലനിൽക്കുന്ന സാഹചര്യമുണ്ട്. അവിടത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലിന് പോകാൻ കഴിയാത്ത സാഹചര്യവുമുണ്ടായിരിക്കുന്നു. ട്രോളിംഗ് നിരോധനം ഉൾപ്പെടെ നിലനിൽക്കുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. ഏതാനും ചില ആളുകളുണ്ടാക്കി വച്ച ഒരു പ്രശ്നത്തിന് ആ പ്രദേശത്തെ മുഴുവൻ ജനങ്ങളും ഇന്ന് കെടുതി അനുഭവിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെ രാത്രികാലങ്ങളിൽ പോലീസ് ചില വീടുകളിൽ കടന്നു ചെന്ന് ചില അതിക്രമങ്ങൾ കാട്ടിയതായി അവിടത്തെ ജനങ്ങൾക്ക് ശക്തമായ പരാതിയുണ്ട്. ഈ കാര്യത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നന്നാക്കാൻ കൊടുത്തിരുന്ന ചെരുപ്പ് കടയിൽനിന്നും യഥാസമയം ലഭിക്കാതിരുന്നതിനെക്കുറിച്ചുണ്ടായ തർക്കമാണ് കൊല്ലത്ത് വാടിയിൽ ജൂൺ 13-ന് വൈകുന്നേരത്തെ അനിഷ്ട സംഭവങ്ങൾക്ക് തുടക്കമിട്ടത്. കട ഉടമ ഫാബീസും ബന്ധുക്കളും വാടി സ്വദേശികളായ ആദം, ആൽബർട്ട് എന്നിവരെ ദേഹോപദ്രവം ഏൽപ്പിച്ചു. ഇതിനെത്തുടർന്ന് വാടി, മുദാക്കൽ പ്രദേശങ്ങളിലെ കുറെ ആളുകൾ ഇരുവിഭാഗമായി സംഘടിച്ച് വാടി ജംഗ്ഷനിൽ ഏറ്റുമുട്ടലിന് ശ്രമിച്ചു. ജനകൂട്ടത്തെ പോലീസ് പിരിച്ചുവിട്ടു. ഈ സംഭവുമായി ബന്ധപ്പെട്ട് ആദം, ബാബു, തോമ, ലാലു, അനീഷ് തുടങ്ങി കണ്ടാലറിയാവുന്ന ഏതാനും പേർക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകളുൾപ്പെടെ പള്ളിത്തോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16.6.99-ന് രാവിലെയും ഉച്ചയ്ക്കും മുദാക്കലിലെ ചില സാമൂഹ്യവിരുദ്ധർ വാടി പ്രദേശത്ത് അതിക്രമങ്ങൾ കാട്ടുകയും, ഒരു വായനശാലക്കും ഏതാനും വീടുകൾക്കും കേടുപാടുകൾ വരുത്തുകയും ചെയ്തു. പോലീസ് ഇടപെട്ട് അക്രമികളെ അമർച്ച ചെയ്തു. ഇതുസംബന്ധിച്ച് രണ്ട് കേസുകൾകൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സമാധാന സമിതി രൂപീകരിച്ചും സുശക്തമായ പോലീസ് പിക്കറ്റും പട്രോളിംഗും ഏർപ്പെടുത്തിയും ഈ പ്രദേശത്ത് സാധാരണനില ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(3) തൃശൂർ ജില്ലയിലെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ.ആർ. ബാലൻ : കഴിഞ്ഞ രണ്ടുവർഷമായി തൃശൂർ ജില്ലയിലെ കള്ള് വ്യവസായരംഗത്ത് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി ഇപ്പോഴും തുടരുകയാണ്. വ്യാജമദ്യം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന കോൺട്രാക്ടർമാർക്കെതിരെ സർക്കാർ കൈക്കൊണ്ട ശക്തമായ നടപടിക്കെതിരായി ഈ ജില്ലയിലെ ഒരു വിഭാഗം കോൺട്രാക്ടർമാർ 1997-ൽ 4 റേഞ്ചുകൾ ഏകദേശം 5 മാസക്കാലം അടച്ചുപൂട്ടി. 1998-99 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള കിസ്ത് അടച്ചുകൊണ്ട് ഷാപ്പുകൾ നടത്താൻ കഴിയില്ലെന്ന നിലപാട് പ്രഖ്യാപിച്ചുകൊണ്ട് 11 റേഞ്ചുകൾ കോൺട്രാക്ടർമാർ ഏകപക്ഷീയമായി അടച്ചുപൂട്ടി. ഇതുമൂലം ആറായിരത്തോളം വരുന്ന മദ്യവ്യ

LIBRARY ARCHIVES Kerala Legislative Assembly